പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 606 — 29.10.2019- ൽ മറുപടിക്ക്

# കാണക്കാരി പഞ്ചായത്തിലെ കൈത്തറി വ്യവസായ വിപണന കേന്ദ്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ് | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കോട്ടയം ജില്ലയിലെ കാണക്കാരി പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചു വന്നിരുന്നതും പൂട്ടിപ്പോയതുമായ കൈത്തറി വ്യവസായ വിപണന കേന്ദ്രം ഒഴിയണമെന്ന് ആവശ്യപ്പെട്ട് കാണക്കാരി ഗ്രാമപഞ്ചായത്ത് കമ്മിറ്റി നൽകിയിരുന്ന നിവേദനത്തിൽ വ്യവസായ വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; | (എ) കാണക്കാരി ഗ്രാമപഞ്ചായത്തിന്റെ 10-ാം വാർഡിലെ 428-ാം നമ്പർ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന സംഘത്തിന്റെ ഓഫീസ് പ്രവർത്തനം നിലച്ചിട്ടും മുറി ഒഴിഞ്ഞ് കൊടുത്തിരുന്നില്ല. സപ്ലൈകോ ഡിപ്പോ ആയി ഉപയോഗപ്പെടുത്തുന്നതിനു വേണ്ടി പ്രസ്തുത മുറി ഒഴിയുന്നതിനു കാണക്കാരി ഗ്രാമപഞ്ചായത്ത് സംഘത്തിനോട് ആവശ്യപ്പെട്ടെങ്കിലും സംഘം മുറി ഒഴിഞ്ഞു കൊടുക്കാതെ വന്നതിനാൽ 13.09.2018-ൽ പഞ്ചായത്ത് അധികൃതർ മുറിയുടെ പൂട്ട് പൊളിച്ചു മഹസ്സർ തയ്യാറാക്കുകയുണ്ടായി. പിന്നീട് ഹോണററി സെക്രട്ടറി / ചീഫ് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയംഗത്തെ നേരിൽ കണ്ട് മുറി ഒഴിഞ്ഞുതരണമെന്ന് ആവശ്യപ്പെട്ടെങ്കിലും അവർ മുറി ഒഴിഞ്ഞിരുന്നില്ല. തടി കൊണ്ടുള്ള സാധനങ്ങൾ ജില്ലാ വ്യവസായ കേന്ദ്രത്തിൽ സൂക്ഷിക്കുവാൻ സ്ഥലമില്ലാത്തതിനാൽ ലേലം ചെയ്ത് മാറ്റേണ്ടതും എന്നാൽ സംഘം ഇപ്പോൾ ലിക്വിഡേഷനിലല്ലാത്തതിനാൽ വിൽക്കാൻ സാധിക്കുന്നതുമല്ല. സംഘം സമാപ്തീകരണത്തിന്റെ ഭാഗമായി സഹകരണ നിയമം സെക്ഷൻ 65 പ്രകാരം അന്വേഷണത്തിന് ഉദ്യോഗസ്ഥനെ നിയമിക്കുകയും അന്വേഷണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| | തുടർനടപടിയായി ലികിഡേറ്റർ സാധനസാമഗ്രികളുടെ വാല്യുവേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് താമസംവിനാ ലേലം നടത്തുന്നതുമാണെന്ന് കൈത്തറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (ബി) 2013 മുതൽ അടഞ്ഞുകിടക്കുന്ന ഈ സ്ഥാപനം ഒഴിയുന്നതു സംബന്ധിച്ച് ജില്ലാ വ്യവസായ കേന്ദ്രം എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ ; പ്രസ്തുത ഫയലിൽ തീരുമാനമെടുക്കുന്നതിന് ഉണ്ടായ കാലതാമസം വിശദമാക്കുമോ ? | (ബി) സംഘം നിലവിൽ ലികിഡേഷനിൽ അല്ലാത്തതിനാൽ ജംഗമവസ്തുക്കൾ ഇപ്പോൾ ലേലം ചെയ്ത് വിൽക്കാൻ നിയമപരമായി സാദ്ധ്യമല്ല. ആയതിനാൽ കേരളസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് 1969 പ്രകാരം സംഘം സമാപ്തീകരണത്തിന്റെ ഭാഗമായി സെക്ഷൻ 65 പ്രകാരമുള്ള അന്വേഷത്തിന് ഉദ്യോഗസ്ഥനെ നിയമിക്കുകയും, അന്വേഷണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. തുടർനടപടിയായി ലികിഡേറ്റർ സാധനസാമഗ്രികളുടെ വാല്യുവേഷൻ നടത്തി താമസംവിനാ ലേലം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി കൈത്തറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. മഹസ്സർ പ്രകാരമുള്ള സാധന സാമഗ്രികൾ ജില്ലാ വ്യവസായ കേന്ദ്രത്തിൽ സൂക്ഷിക്കാൻ സ്ഥലമില്ലാത്തിനാൽ പഞ്ചായത്തിൽ തന്നെ സൂക്ഷിക്കണമെന്ന് പഞ്ചായത്ത് അധികൃതരോട് ആവശ്യപ്പെട്ടതനുസരിച്ച് ആയത് തൽക്കാലം സൂക്ഷിക്കാമെന്ന് പഞ്ചായത്ത് അധികൃതർ സമ്മതിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ